**File No.TCPCTP/423/2019-C3**

**<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>**

**<u>തിരുവനന്തപുരം</u>**

വിഷയം :- നഗരഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കോട്ടയം ജില്ല മരങ്ങാട്ടുപിള്ളി

ഗ്രാമപഞ്ചായത്ത് കുറിച്ചിത്താനം വില്ലേജ് നിർമ്മാണം പൂർത്തിയാക്കിയ ഇന്ധന ചില്ലറ വിതരണ യൂണിറ്റും അനുബന്ധ കെട്ടിടങ്ങളുടെയും നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18/01/2019 ലെ എം3- 3915/2018 നമ്പർ കത്ത്.

2. കോട്ടയം ടൗൺ പ്ലാനറുടെ 31/01/2019 ലെ സി/121/2019 ഡി.ഡിസ്. നമ്പർ കത്ത്.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ്. നം. **TCPCTP/423/2019 -C3** തീയതി: **22/03/2019**

---

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കുറിച്ചിത്താനം വില്ലേജിൽ റീ സർവ്വേ നമ്പർ 432/9-ൽ പ്പെട്ട 2660 ച.മീറ്റർ സ്ഥലത്ത് 61.14. ച.മീ. സെയിൽസ് ബിൽഡിംഗ്, 152.25. ച.മീറ്റർ കനോപ്പി, 4.25. ച.മീറ്റർ. ജനറേറ്റർ ഷെഡ് ഉൾപ്പെട്ട പെട്രോൾ പമ്പ് ക്രമവൽക്കരിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ഷിനോദ് ജോസിന്റെ- ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി /ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ. 2011 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 2011 -നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.

5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം., അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിനാൽ കനോപ്പി, ജനറേറ്റർ ഷെഡ് എന്നിവയുടെ ഓപ്പൺ സ്പെയ്സുകൾ ചട്ട പ്രകാരമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തണം.
8. കെ.പി.ബി.ആർ- 2011 അദ്ധ്യായം 22 ലെ വ്യവസ്ഥകൾ കെട്ടിട ക്രമവൽക്കരണത്തിൽ പാലിക്കേണ്ടതാണ്.
9. കെ.പി.ബി.ആർ. ചട്ടം 61 (9) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
10. കെ.പി.ബി.ആർ 61 (16), (17) പ്രകാരമുള്ള സജ്ജീകരണങ്ങൾ നൽകേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള/ക്രമവൽക്കരണ അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണാനുമതി/ ക്രമവൽക്കരണ ഉത്തരവ് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയിരിക്കേണ്ടതാണ്

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **27/2019** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്:-</u>

1. ശ്രീ. ഷിനോദ് ജോസ്, ഉപ്പാംതടം, മരങ്ങാട്ടുപിള്ളി. പി.ഒ, കോട്ടയം.
2. ടൗൺ പ്ലാനർ, കോട്ടയം.
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

ടൗൺ പ്ലാനറുടെ കാര്യാലയം. പിൻ-695 003 തിരുവനന്തപുരം